തദ്ദേശ സ്വയംഭരണ വകുപ്പ്
ചീഫ് എഞ്ചിനീയറുടെ കാര്യാലയം
(ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് &
എഞ്ചിനീയറിംഗ് വിംഗ്)
അഞ്ചാം നില, സ്വരാജ് ഭവൻ,
നന്തൻകോട്, കവടിയാർ. പി.ഒ
തിരുവനന്തപുരം - 695003

Phone: 0471-2324951
0471-2325071
Tele Fax: 0471-2324951
e-mail: celsgd@gmail.com
Website: www.celsgd.kerala.gov.in

നം. ഇ3/7000/2009/സി.ഇ/ത.സ്വ.ഭ.വ തീയതി: 26/02/2022

## പരിപത്രം

വിഷയം:- ത.സ്വ.ഭ.വ (L.I.D & E.W)- എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക അടിസ്ഥാനത്തിൽ നിയമിച്ച അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ കാര്യാലയങ്ങളിലെ ട്രഷറി ഇടപാടുകൾ നടത്തുന്നതിന് ഡി.ഡി.ഒ കോഡ് ലഭ്യമാക്കുന്നത്- സംബന്ധിച്ച്.

സൂചന:- ധന (സ്ട്രീം ലൈനിംഗ്) വകുപ്പിന്റെ 21/02/2022- ലെ 1976345/എസ്.എൽ-2/2022/ധന. നമ്പർ കത്ത്

ഈ വകുപ്പിന്റെ പരിധിയിലുള്ള വിവിധ കാര്യാലയങ്ങളിൽ ഒഴിഞ്ഞു കിടക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമനം നടത്തിയിരുന്നു. നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം നിർവഹണോദ്യോഗസ്ഥർ കൂടിയായ ഇവർക്ക് ട്രഷറി ഇടപാടുകൾ നടത്തുന്നതിന് ഡി.ഡി.ഒ കോഡ് അനുവദിച്ച് നൽകുവാൻ കഴിയുകയില്ല എന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സൂചന കത്തിലെ നിർദ്ദേശാനുസരണം, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ച നിർവഹണോദ്യോഗസ്ഥരായ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ കാര്യാലയങ്ങളിലെ ട്രഷറി ഇടപാടുകൾ സുഗമമായി നടത്തുന്നതിലേക്കായി, ടി അസിസ്റ്റന്റ് എഞ്ചിനീയർ മാരുടെ തൊട്ടുതാഴെയുള്ള ഏറ്റവും സീനിയറായ ഉദ്യോഗസ്ഥന് ഡ്രായിംഗ് ആന്റ് ഡിസ്പേഴ്സിംഗ് ഓഫീസറുടെ ചുമതല താൽക്കാലികമായി നൽകുന്നതിനും അത്തരത്തിൽ ഡി.ഡി.ഒയുടെ ചുമതല നിർവഹിക്കുന്ന ഉദ്യോഗസ്ഥർക്ക് അടിയന്തരമായി ഡി.ഡി.ഒ കോഡ് ബന്ധപ്പെട്ട ട്രഷറിയിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ) അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

ചീഫ് എഞ്ചിനീയർ